Drugs and Magic remedies (objectionable advertisements) Act, 1954 സെക്ഷൻ 7 പ്രകാരം ആക്ടിലെ ഏതെങ്കിലും സെക്ഷൻ പ്രകാരം കുറ്റം ചെയ്താൽ ആദ്യ അവസരത്തിൽ ആറ് മാസം തടവോ പിഴയോ ഇത് രണ്ടും ഒരുമിച്ചോ, തുടർന്നുള്ള കുറ്റകൃത്യങ്ങളിൽ ഒരു വർഷം തടവോ, പിഴയോ ഇത് രണ്ടും ഒരുമിച്ചോ നൽകാൻ വ്യവസ്ഥയുണ്ട്. തെറ്റായതും തെറ്റിദ്ധരിക്കപ്പെടുന്നതുമായ പരസ്യങ്ങൾ ചെയ്യുന്നത് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് പ്രകാരവും ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്) ആക്ട് പ്രകാരവും കുറ്റകരമാണ്. തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകിയാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 സെക്ഷൻ 53 പ്രകാരം 10 ലക്ഷം രൂപ വരെ പിഴ നൽകാവുന്നതാണ്.

## ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള അക്രഡിറ്റേഷൻ

25 (*415) ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അക്രഡിറ്റേഷൻ നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് സംബന്ധിച്ച പഠനം നടത്തുവാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉണ്ട്. സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അക്രഡിറ്റേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. എല്ലാ ആർട്സ് & സയൻസ് കോളേജുകൾക്കും അക്രഡിറ്റേഷൻ കരസ്ഥമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി&സി) കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മയും അദ്ധ്യാപകരുടെ നിലവാരവും വിലയിരുത്തുന്നതിനായി ഒരു സ്റ്റേറ്റ് അസ്സസ്മെന്റ് & അക്രഡിറ്റേഷൻ കൗൺസിൽ (SAAC) രൂപീകരിക്കുന്നതിന് മുന്നോടിയായുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് പ്രൊഫ. ഡോ. എ. ജ്ഞാനം ചെയർമാനായി ഒരു കമ്മിറ്റി ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അവരുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly